മീഡിയം, ലിഫ്റ്റ്, ഒമെനർ ഇറിഗേഷൻ ജോലികൾ

* 794. [11] ശ്രീ. എം. സി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷം മീഡിയം, ലിഫ്റ്റ്, ഒമെനർ ഇറിഗേഷൻ ജോലികൾക്കായി നീക്കിവച്ചിട്ടുള്ള തുക എത്ര;

(ബി) ചെങ്ങന്നൂർ ഇറിഗേഷൻ ഡിവിഷനിൽപ്പെട്ട കടുത്തുരുത്തി-ചുള്ളിത്തോട്, മുളക്കുളം-സൗത്ത് ലിഫ്റ്റ് ഇറിഗേഷൻ ഇവയുടെ പണികൾ എന്നത്തേക്ക് പൂർത്തിയാകും ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) മീഡിയം ഇറിഗേഷൻ 44·24 ലക്ഷം രൂപ.
ലിഫ്റ്റ് ഇറിഗേഷൻ 20·88 ലക്ഷം രൂപ.
ഒമെനർ ഇറിഗേഷൻ 58·98 ലക്ഷം രൂപ.

(ബി) കടുത്തുരുത്തി—ചുള്ളിത്തോടിന്റെ ജോലികളുടെ ടെണ്ടർ 16-1-1964-ൽ പരസ്യം ചെയ്തു. കോൺട്രാക്റ്റ് കൊടുത്തു ആറുമാസത്തിനകം ടി സ്കീമിന്റെ പണി പൂർത്തിയാക്കുവാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. മുളക്കുളം സൗത്ത് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പുതുക്കിയ എസ്റ്റിമേറ്റ് ഇപ്പോഴും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണു്. എസ്റ്റിമേറിനു് അനുവാദം കൊടുത്തു. ആറുമാസത്തിനകം ഈ സ്കീമിന്റെ ജോലിയും പൂർത്തിയാക്കാമെന്നാണു് പ്രതീക്ഷ.

ശ്രീ. എം. സി. എബ്രഹാം: ഈ രണ്ടു ജോലികളുടെയും എസ്റ്റിമേറ്റ് തുക എന്താണെന്നു പറയാമോ ? പണി ആരംഭിച്ചിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ്: ഓരോ വർക്കിന്റെയും എസ്റ്റിമേറ്റ് തുക എന്താണെന്നു് ഇപ്പോഴം പറയുവാൻ നിവൃത്തിയില്ല. കരെണ്ണത്തിന്റെ പണി കഴിയുന്നതും ഈ സീസണിൽ തന്നെ ആരംഭിക്കുന്നതാണു്.

ശ്രീ. പി. ആർ. ഫ്രാൻസിസ്: ഓടച്ചിറ എന്ന സ്ഥലത്തു് എട്ടു ലക്ഷം രൂപാ എസ്റ്റിമേറ്റ് തയാറാക്കി ഇറിഗേഷൻ വക്കിനുവേണ്ടി കഴിഞ്ഞ നാലു കൊല്ലമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടും ഇതുവരെ യാതൊരു പണിയും ആരംഭിച്ചിട്ടില്ല. അതിനു പ്രത്യേക വല്ല കാരണവുമുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ്: ഒരു പ്രത്യേക ചോദ്യമായി ചോദിച്ചാലേ ഓരോ പ്രത്യേക വർക്കിനെപ്പറ്റിയുള്ള വിവരവും പറയുവാൻ സാധിക്കുകയുള്ളൂ.

ശ്രീ. എം. വി. വാസു : പഞ്ചായത്തിനു മൈനർ ഇറിഗേഷൻ വർക്കിനു 500 രൂപ വരെ അനുവദിക്കാമെന്നു നോട്ടീസ് കൊടുത്തിട്ടുണ്ടു്. അതുകൂടെ സംബന്ധിച്ചാണു് പറഞ്ഞതിരിക്കുന്നതു്. ചില സ്ഥലങ്ങളിൽ ചെറുതോടുകളിൽനിന്നും വെള്ളം എടുക്കുന്നതിലേക്കും അണകെട്ടു കെട്ടേണ്ടതായിവരും. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ജൂനിയർ ഇൻജിനീയറന്മാർ എസ്റ്റിമേറ്റ് തയാറാക്കിയിരിക്കണമെന്നു കളക്ടറേറ്റിനു് നിർദ്ദേശം കൊടുക്കുമോ?

ശ്രീ. ഈ. പി. പൗലോസ് : ഈ നിർദ്ദേശം പരിശോധിക്കാം.

എൻജിനീയർമാരുടെ ശമ്പളസ്കെയിൽ

* 795. [12] ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യ ഒട്ടാകെയുള്ള എൻജിനിയർമാരുടെ ശമ്പളസ്കെയിൽ ഏകീകരിക്കാനുള്ള കേന്ദ്രജലസേചനവകുപ്പുമന്ത്രിയുടെ നിർദ്ദേശത്തെപ്പറ്റി കേന്ദ്രഗവണ്മെന്റിൽനിന്നു് ഈ ഗവണ്മെന്റിനു് വല്ല വിവരവും ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഈ ഗവണ്മെന്റ് അതിനെപ്പറ്റി ആലോചിക്കുന്നുണ്ടോ ;

(സി) മറ്റു സ്റ്റേറ്റുകളെ അപേക്ഷിച്ച് കേരളത്തിലെ എൻജിനീയർമാരുടെ ശമ്പളം കുറവാണോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ) ഇല്ല.

(ബി) പ്രശ്നം ഉദിക്കുന്നില്ല.

(സി) മറ്റു ചില സ്റ്റേറ്റുകളെ അപേക്ഷിച്ചു കേരളത്തിലെ എൻജിനീയർമാരുടെ ശമ്പളം കുറവാണ്.

ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ : ഓരോ ഉയർന്ന ഗ്രേഡിലേക്കും പ്രമോഷൻ കിട്ടിയാൽ അതിനുശേഷം ഈ കൊല്ലം കഴിഞ്ഞാൽ മാത്രമേ, അല്ലെങ്കിൽ ഇത്ര കൊല്ലത്തെ സർവ്വീസുണ്ടെങ്കിൽ മാത്രമേ കൺഫർമേഷൻ കൊടുക്കാവൂ എന്ന വല്ല നിബന്ധനയും ഉണ്ടോ ? ഈ സ്റ്റോറിലെ എൻജിനീയർമാർ അവർ ഇരിക്കുന്ന ഗ്രേഡിൽ കൺഫർമേഷൻ കിട്ടിയിട്ടുള്ളവരാണോ ?

ശ്രീ. പി. പി. ഉമ്മർകോയ : കൺഫർമേഷൻ കൊടുക്കുന്നതിനു സീനിയോറിറ്റി പെർമനന്റ് ആയിരിക്കണം എന്നുള്ളതാണ് അടിസ്ഥാന തത്വമായി അംഗീകരിച്ചിട്ടുള്ളത്. പെർമനന്റ് പോസ്റ്റുകളിൽ ഇരിക്കുന്നവർക്ക് കൺഫർമേഷൻ നൽകാറുണ്ട്. ഏതെല്ലാം പെർമനന്റ് പോസ്റ്റുകളിലാണ് ഒരു ഉദ്യോഗസ്ഥനെ കൺഫേം ചെയ്യേണ്ടത് എന്നു പലപ്പോഴും നിശ്ചയിക്കുന്നത് ആഫീസർ റിട്ടയർ ചെയ്യാൻ പോകുന്ന സമയത്തായിരിക്കും. അപ്പോഴാണ് കൺഫർമേഷൻ കൊടുക്കും.

ശ്രീ സി. അച്യുതമേനോൻ : ഒരു ആൾ ഇൻഡ്യാ സർവ്വീസായി എൻജിനീയറന്മാരുടെ തസ്തിക രൂപീകരിക്കുന്നുണ്ടോ; ആ പദ്ധതി കേരളാ ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ : കേന്ദ്രഗവണ്മെന്റ് അങ്ങനെ തീരുമാനിച്ചിട്ടുണ്ട്. ഈ ഗവണ്മെന്റും അതു അംഗീകരിച്ചിട്ടുണ്ട്. പക്ഷേ അതിന്റെ വിശദാംശങ്ങളെല്ലാം തീരുമാനിച്ചുകഴിഞ്ഞിട്ടില്ല.

ശ്രീ. കെ. എം. ജോർജ്ജ് : നമ്മുടെ സ്റ്റോറിലെ എൻജിനീയർമാർ അവരുടെ പരീക്ഷായോഗ്യതക്കു തുല്യമായ മറ്റു സാങ്കേതിക വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരോടൊപ്പം ശമ്പളം വാങ്ങുന്നില്ല. മറ്റു സ്റ്റോറുകളിൽ ഇവർക്കു കൊടുക്കുന്ന ശമ്പളം ഇപ്പോഴും ഇവിടെയുള്ള ഇൻജിനീയറന്മാർക്കു നൽകുന്നില്ല. പണ്ട് ശമ്പളം കുറഞ്ഞിരുന്നാലും മറ്റു തരത്തിലുള്ള വരവു ഉണ്ടാക്കാമെന്നു കരുതി ഇങ്ങനെ കുറഞ്ഞ ശമ്പളം വച്ചിരുന്നതായിരിക്കണം. ഇപ്പോൾ മറ്റു സ്റ്റോറുകളിൽ ഉള്ളതുപോലെ ഉയർന്ന ശമ്പളം ഈ സ്റ്റോറിലെ ഉദ്യോഗസ്ഥന്മാർക്കും നൽകുന്നതിനു വേണ്ട തീരുമാനം എടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : ശമ്പളം വർദ്ധിപ്പിക്കുന്ന കാര്യത്തെപ്പറ്റി ഇപ്പോൾ ആലോചിക്കുവാൻ നിർവാഹമില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : ഒരു അഖിലേന്ത്യാ കേഡർ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നു പറഞ്ഞു. എന്നു കാലംമുതൽക്കാണ് ആരംഭിക്കുന്നത് ?

ശ്രീ. പി. പി. ഉമ്മർകോയ : അതിന്റെ വിശദാംശങ്ങളൊന്നും തീരുമാനിച്ചു കഴിഞ്ഞിട്ടില്ല.

ശ്രീ. എം. എം. സുന്ദരം : നമ്മുടെ സ്റ്റോറിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിൽ ജോലിചെയ്യുന്ന ഇൻജിനീയർമാർക്കും മറ്റു ഡിപ്പാർട്ടുമെന്റിൽ ഇൻജിനീയർ ആയി ജോലി ചെയ്യുന്നവർക്കും വ്യത്യസ്ത ശമ്പളമാണോ കൊടുത്തുവരുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ഉമ്മർകോയ : ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിൽ ജോലി ചെയ്യുന്നവർക്ക് ശമ്പളവ്യത്യാസം ഉണ്ടാകാം. ഇലക്ട്രിസിറ്റി ബോർഡിലെ ശമ്പളസ്സ്കെയിലിന്റെ വിവരം എന്റെ കൈവശം ഇല്ല.

ശ്രീ. ഈ. പി. ഗോപാലൻ : ഇൻജിനീയറന്മാരുടെ ഒരു ആൾ ഇൻഡ്യാ കേഡർ ഉണ്ടാക്കുന്ന കാര്യത്തെപ്പറ്റി ഈ ഗവണ്മെന്റും കേന്ദ്ര ഗവണ്മെന്റുമായി എന്താലോചനയാണ് നടത്തിയിട്ടുള്ളത്?

ശ്രീ. പി. പി. ഉമ്മർകോയ : ഈ കാര്യത്തിൽ ഈ ഗവണ്മെന്റിന്റെ അഭിപ്രായം കേന്ദ്രഗവണ്മെന്റു ആരാഞ്ഞിട്ടുണ്ട്. ഈ സംഗതിയോട് ഈ ഗവണ്മെന്റു അനുകൂലികരിക്കയാണ് ചെയ്തിരിക്കുന്നത്. ഇൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു അഖിലേൻഡ്യാ സർവ്വീസ് ഉണ്ടാക്കുന്നതു നല്ലതാണ് എന്നുള്ള അഭിപ്രായം ഇൻഡ്യാ ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ട്.

ശ്രീ. ഈ. പി. ഗോപാലൻ : ഈ ഡിപ്പാർട്ടുമെന്റിലെ ഏതു വിഭാഗത്തെയാണ് ഇങ്ങനെ അഖിലേന്ത്യാ സർവ്വീസിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. 'ടോപ്പ് റ്റു ബോട്ടം' എന്നുള്ള രീതിയാണോ അംഗീകരിച്ചിട്ടുള്ളത് ?

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെയുള്ള കാര്യങ്ങളൊന്നും തീരുമാനിച്ചുകഴിഞ്ഞിട്ടില്ല. അതാണ് ഞാൻ നേരത്തെ പറഞ്ഞത് ഇതിനെപ്പറ്റിയുള്ള വിശദാംശങ്ങളൊന്നും തീരുമാനിക്കപ്പെട്ടിട്ടില്ല എന്ന്.

ലോൺ കർശനമായി പിരിക്കുന്നതിന് എടുത്തിരുന്ന നടപടികൾ

* 796. [14] ശ്രീ. എം എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് താലൂക്കിൽ നിലംകൃഷിക്കാർ ഗവണ്മെന്റിൽനിന്നും ലോൺ എടുത്തിട്ടുള്ള പണത്തിൽ എത്ര രൂപ പിരിഞ്ഞു കിട്ടി ;

(ബി) ഇനിയും എത്ര പിരിയാനുണ്ട് ;

(സി) ഈ ലോൺ കർശനമായി പിരിക്കുന്നതിനു എടുത്തിരുന്ന നടപടികൾക്ക് വല്ല അയവും വരുത്തിയിട്ടുണ്ടോ ;

(ഡി) 5000 രൂപയിൽ കൂടുതൽ ലോൺ എടുത്തിരുന്നവർ എത്ര ;

(ഈ) അവരിൽ എത്രപേർ മുഴുവനായി പണം അടച്ചിട്ടുണ്ട് ?

നിയമവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ) :

(എ) 13,58,452 രൂപ പിരിഞ്ഞുകിട്ടി.

(ബി) 2,75,533 രൂപ പിരിയാനുണ്ട്.

(സി) ഇപ്പോൾ ഇല്ല.

(ഡി) 15 പേർ.

(ഈ) 5 പേർ.

ശ്രീ. എം. എം. മത്തായി : കഴിഞ്ഞ കാലങ്ങളിൽ എടുത്തിട്ടുള്ള ലോൺ തിരിച്ചടയ്ക്കുന്നതിന് വളരെയധികം ബുദ്ധിമുട്ട് സഹിക്കേണ്ടിവന്നിട്ടുണ്ട്. അതുകൊണ്ട് കൊയ്ത്തു സമയത്തു കൊയ്ത്തു തടസ്സപ്പെടുത്തുകയും വിളകൾ കൊണ്ടുപോകാൻ സമ്മതിക്കാതിരിക്കുകയും ചെയ്യുവരുന്നു. ഈ കഴപ്പം ഒഴിവാക്കുന്നതിലേയ്ക്കു കൊയ്ത്തു സമയത്തു ഒരു നിശ്ചിത വിലവച്ചു നെല്ല് ലോണായി സ്വീകരിക്കുന്നതിനു വേണ്ട ഏർപ്പാട് ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly